"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി വിട്ടുനൽകിയ കടകംപള്ളി വില്ലേജിലെ 2.009 ഏക്കർ ഭൂമിയിൽ പുനർഗേഹം പദ്ധതി പ്രകാരം 168 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 2023-24 വർഷത്തെ നിർമ്മാണ ചെലവ് 20 കോടിയിൽ അധികരിക്കാൻ പാടില്ല എന്ന വ്യവസ്ഥയോടെ 37.62 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(കൈ) നം.25/2023/F&P തീയതി,തിരുവനന്തപുരം, 07-12-2023

---

പരാമർശം:-
1. സ.ഉ.(സാധാ)നം.1009/2019/മതുവ തീയതി:26/12/2019
2. സ.ഉ.(സാധാ) നം.402/2023/മതുവ തീയതി:19/05/2023
3. ഫിഷറീസ് ഡയറക്ടറുടെ 03/08/2023, 16/11/2023 എന്നീ തീയതികളിലെ ഡി.എഫ്.ടി.വി.എം/1588/2021/എസ്1 പി.ഐ.യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപ അടങ്കൽ തുകയുള്ള 'പുനർഗേഹം' പദ്ധതിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പദ്ധതി നിർവഹണത്തിന് ആവശ്യമായ 2450 കോടി രൂപയിൽ, 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

2) ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി വിട്ടുനൽകിയ കടകംപള്ളി വില്ലേജിലെ 2.009 ഏക്കർ ഭൂമിയിൽ പുനർഗേഹം പദ്ധതി പ്രകാരം 168 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 4405-00-103-89-00-34-03 ശീർഷകത്തിൽ നിന്നും 20 കോടി രൂപയുടെ ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3) ടി തുക ഉപയോഗിച്ച് പദ്ധതി പൂർണ്ണാർത്ഥത്തിൽ സമയബന്ധിതമായി നടപ്പാക്കുവാൻ കഴിയാത്ത സാഹചര്യം ആയതിനാൽ പരാമർശം (1) ഉത്തരവിൽ പ്രതിപാദിക്കും പ്രകാരം നീക്കിവച്ചിട്ടുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക ലഭ്യമാക്കിയോ, സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 2023-24 വർഷം വർദ്ധനവ് വരുത്തിയോ, 2023-24 വർഷത്തെ നിർമ്മാണ ചെലവ് 20 കോടിയിൽ അധികരിക്കാൻ പാടില്ല എന്ന വ്യവസ്ഥയോടെയോ പ്രസ്തുത പദ്ധതിക്കായി തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ 37.62 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ ഫിഷറീസ് ഡയറക്ടർ പരാമർശം (3) പ്രകാരം

അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി വിട്ടുനൽകിയ കടകംപള്ളി വില്ലേജിലെ **2.009** ഏക്കർ ഭൂമിയിൽ പുനർഗേഹം പദ്ധതി പ്രകാരം **168** ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് **2023-24** വർഷത്തെ നിർമ്മാണ ചെലവ് **20** കോടിയിൽ അധികരിക്കാൻ പാടില്ല എന്ന വ്യവസ്ഥയോടെ **4405-00-103-89-00-34-03-P-V** ശീർഷകത്തിൽ **37.62** കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

5) മേൽ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K S SRINIVAS**
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ.1911 തീയതി:06/12/2023)
ധനകാര്യ വകുപ്പ് (29/09/2023-ലെ 2374005/ഡബ്ല്യൂ.സി.ഡി-2/88/2023-ധന പ്രകാരം)
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ